ജീവനക്കാരും രോഗികൾക്കുവേണ്ട സൗജന്യമരുന്നുകളും കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങളും ലഭ്യമല്ലാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു പരിഹരിക്കണമെന്നാവശ്യപ്പെട്ട് ഏതെല്ലാം സംഘടനകൾ പരാതികളുമായി സർക്കാരിനെ സമീപിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിന്മേൽ എന്തു നടപടികൾ സ്വീകരിച്ചു ;

(ഡി) ഡോക്ടർ ഇല്ലെന്ന കാരണത്താൽ സംസ്ഥാനത്ത് എത്ര പി.എച്ച്.സി.-കളുടെ പ്രവർത്തനം നിലച്ചു ; വിശദമാക്കുമോ ;

(ഇ) കാലാവസ്ഥ വ്യതിയാനംമൂലം റൂബല്ലയോട് സാമ്യമുള്ള വൈറസ് രോഗം അടക്കം എന്തെല്ലാം രോഗങ്ങൾ പടർന്നു പിടിച്ചു എന്നും, പ്രസ്തുത രോഗങ്ങൾ നിയന്ത്രണവിധേയമാക്കാൻ സ്വീകരിച്ച മുൻകരുതലുകൾ എന്തെല്ലാമെന്നും ഇതുമൂലം സംസ്ഥാനത്ത് 2014 ജനുവരി മുതൽ നാളിതുവരെ എത്രപേർ മരണപ്പെട്ടു എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ബാധകമല്ല.

(ഡി) ഇത്തരത്തിൽ പി.എച്ച്.സി.കളുടെ പ്രവർത്തനം നിലച്ചിട്ടില്ല. ഡോക്ടർമാരുടെ തസ്തിക ഒഴിവുള്ള പി.എച്ച്.സി.കളിൽ അഡ്ഹോക്ക് വ്യവസ്ഥയിലോ എൻ.ആർ.എച്ച്.എം. വഴിയോ നിയമിക്കുന്നുണ്ട്. കൂടാതെ മറ്റ് പി.എച്ച്.സി./സി.എച്ച്.സി.-കളിലെ ഡോക്ടർമാർക്ക് ചാർജ് നൽകി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ പ്രധാന പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

(ഇ) ഈ വർഷം റൂബെല്ലയും മീസിൽസും മൂലമുള്ള മരണമൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. കാലാവസ്ഥാ വ്യതിയാനം മൂലം റൂബെല്ലാ/മീസിൽസ് രോഗം വർദ്ധിച്ചിട്ടില്ല. മീസിൽസ്/റൂബെല്ലാ രോഗം നിയന്ത്രണ വിധേയമാക്കാൻ സംസ്ഥാനത്തെ എല്ലാ കുട്ടികൾക്കും 1st ബൂസ്റ്റർ ഡോസിനൊപ്പം എം.എം.ആർ. വാക്സിൻ നൽകിവരുന്നു. കൂടാതെ സംസ്ഥാനത്തെ കൗമാര പ്രായക്കാരായ എല്ലാ പെൺകുട്ടികൾക്കും റൂബെല്ലാ വാക്സിൻ നൽകിവരുന്നു.

പ്രതിരോധനിയന്ത്രണ സെല്ലിന്റെ പ്രവർത്തനങ്ങൾ

18 (6723) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന പ്രതിരോധ നിയന്ത്രണ സെല്ലിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ;

(ബി) പ്രസ്തുത സെൽ അടച്ചുപൂട്ടുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സെല്ലിന്റെ പ്രവർത്തനത്തിനായി നിലവിലുണ്ടായിരുന്ന ഏതെങ്കിലും തസ്തിക നിർത്തലാക്കിയിട്ടുണ്ടോ ;

(ഡി) സെല്ലിന്റെ പ്രവർത്തനങ്ങൾക്ക് ഈ വർഷത്തേക്ക് വകയിരുത്തിയിട്ടുള്ള തുക മുൻവർഷത്തേക്കാൾ കുറവാണോ ; എങ്കിൽ പ്രസ്തുതതുക ഈ സെല്ലിന്റെ പ്രവർത്തനത്തിന് പര്യാപ്തമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ കൂടുതൽ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ ഡിപ്പാർട്ടുമെന്റിനെ പഠന ഗവേഷണ പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിനാണ് പ്രതിരോധ നിയന്ത്രണ സെൽ (PEID സെൽ) രൂപീകരിച്ചിട്ടുള്ളത്. ഇതൊരു നിയന്ത്രണ ഏജൻസിയല്ല. പീഡ് സെൽ ശേഖരിക്കുന്ന വിവരങ്ങൾ ആരോഗ്യ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ഐ.ഡി.എസ്.പി. സെല്ലിനു കൈമാറുകയും അതുവഴി സർക്കാരിന് സമർപ്പിക്കുകയുമാണ് ചെയ്യുന്നത്.

(ബി&സി) ഇല്ല.

(ഡി) ആണ്. തുക പര്യാപ്തമാണ്.

(ഇ) കൂടുതൽ തുക അനുവദിക്കേണ്ട ആവശ്യമില്ല.

ഡെങ്കിപ്പനി നിർമ്മാർജ്ജനം ചെയ്യാൻ നടപടി

19 (6724) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോവർഷവും ഡെങ്കിപ്പനിയുടെ എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അതിൽ മരിച്ചവർ എത്രയെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഡെങ്കികേസുകൾ ഇത്രത്തോളം വർദ്ധിക്കാനുണ്ടായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) ഡെങ്കിപ്പനി പൂർണ്ണമായും ഇല്ലായ്മചെയ്യുന്നതിന് ഈ വർഷം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly